# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ – "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യ ഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

## 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

## ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

## ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# തിമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനം

### മുഖവുര

പൗലൊസിന്റെ അവസാനത്തെ ലേഖനമാണ് തിമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനം. ഇത് ഒരു ഇടയലേഖനം ആകുന്നു. വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസിന് ആത്മിക ചൈതന്യവും പ്രോത്സാഹനവും നൽകുന്ന ലേഖനമാണ് ഇത്. റോമിലെ തണുത്ത തടവറയിൽ പൗലൊസ് തന്റെ രണ്ടാമത്തെ കാരാഗൃഹവാസം ചെയ്യുന്ന ഘട്ടത്തിൽ ഈ ലേഖനം എഴുതി എന്ന് വിശ്വസിക്കുന്നു. അത് എ.ഡി 66ന്റെ അവസാനഘട്ടത്തിലായിരുന്നു. തിഹിക്കൊസ് ഈ ലേഖനം എഫെസൊസിൽ ശുശ്രൂഷ ചെയ്യുന്ന തിമൊഥെയൊസിന്റെ പക്കൽ എത്തിച്ചു എന്ന് കരുതുന്നു.

നീറോ റോമാസാമ്രാജ്യം വാണിരുന്ന കാലഘട്ടത്തിൽ ക്രിസ്ത്യാനികൾ അതികഠിനമായ പീഡ അനുഭവിക്കേണ്ടി വന്നിരുന്നു. ക്രൂരനായ നീറോ എ.ഡി. 64ൽ റോമാനഗരം തീവെച്ച് നശിപ്പിച്ചു. നഗരം മനോഹരമായി പുതുക്കിപ്പണിയുവാനാണ് അങ്ങനെ ചെയ്തത്. ജനം തന്നെ അതിന് കുറ്റപ്പെടുത്തുന്നു വെന്ന് മനസ്സിലാക്കിയ മനുഷ്യത്വമില്ലാത്ത നീറോ, ക്രിസ്ത്യാനികളുടെമേൽ ആ കുറ്റം ആരോപിച്ചു. അങ്ങനെ ക്രിസ്തുമാർഗ്ഗം നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും ക്രിസ്ത്യാനികൾ ക്രൂരമായ പീഡനം അനുഭവിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ പൗലൊസ് തടവുകാരനാക്കപ്പെട്ടു. തനിക്ക് വധശിക്ഷ എത്രയും വേഗം ഉണ്ടാകും എന്ന് ബോധ്യമായ അപ്പൊസ്തലൻ തിമൊഥെയൊസ് പരീക്ഷണഘട്ടത്തിൽ സ്ഥിരതയും സഹിഷ്ണുതയും ഉള്ളവനായിരിക്കുവാൻ ഈ ലേഖനം എഴുതി. തന്നെ ഭരമേല്പിച്ചിട്ടുള്ള ഉപനിധി കാത്തുകൊള്ളുവാൻ ഈ ലേഖനത്തിൽ പ്രബോധിപ്പിക്കുന്നു (1:13,14). അന്ത്യകാലത്ത് മനുഷ്യർ ദൈവവചനസത്യങ്ങൾ വെടിഞ്ഞ് കർണ്ണരസം നൽകുന്ന പ്രസംഗങ്ങൾ കേൾക്കുന്നവരാകും എന്ന് മുന്നറിയിപ്പ് നൽകുന്നു. എന്നാൽ തിമൊഥെയൊസ് പൗലൊസിന്റെ മാതൃക അനുകരിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ഈ ലേഖനത്തിൽ സുവിശേഷത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്നുണ്ട്. അത് മരണം നീക്കുകയും ജീവനും അക്ഷയതയും വെളിപ്പെടുത്തുന്ന ക്രിസ്തുവിന്റെ സുവിശേഷം ആകുന്നു. കൂടാതെ വിജയകരമായ ആത്മിക ജീവിതത്തിനും ശുശ്രൂഷയ്ക്കും ഉള്ള രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ലേഖനംകൂടിയാണ് ഇത് (2:3-17). വിശ്വസ്ത സേവനത്തിന് കർത്താവിന്റെ പ്രത്യക്ഷതയിൽ നീതിയുടെ കിരീടം ലഭിക്കും എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ലേഖനം അവസാനിക്കുന്നു.

### ലേഖന വിഭജനം

അദ്ധ്യായം 1 - പരീക്ഷയിൽ വിശ്വസ്തരാകുക
അദ്ധ്യായം 2 - വിജയകരമായ ശുശ്രൂഷയുടെ രഹസ്യങ്ങൾ
അദ്ധ്യായം 3 - ദുർഘടസമയങ്ങളിൽ വിശ്വസ്തരാകുക
അദ്ധ്യായം 4 - അവസാനത്തോളം വിശ്വസ്ത സേവനം ചെയ്യുക

## അദ്ധ്യായം 1

### വന്ദനവും പ്രാർത്ഥനയും (1:1-7)

ഈ ലേഖനം തിമൊഥെയൊസിന് ശുശ്രൂഷയ്ക്ക് പ്രോത്സാഹനം നൽകുവാൻ പൗലൊസ് എഴുതിയതാണ്. അവൻ തന്റെ മാതാവിനാലും വല്യമ്മ യാലും ദൈവഭക്തിയിൽ വളർത്തപ്പെട്ടിരുന്നു. താൻ യുവാവും രോഗിയും ഭീരുവും ആയിരുന്നെങ്കിലും ശുശ്രൂഷകളിൽ വിശ്വസ്തനും തീക്ഷ്ണതയുള്ളവനും ആയിരുന്നു. അവൻ പൗലൊസിന് തുല്യചിത്തൻ ആയിരുന്നു. പൗലൊസ് തന്റെ അന്ത്യദിവസങ്ങളിലേക്ക് അതിവേഗം സമീപിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലും തിമൊഥെയൊസിനെക്കുറിച്ച് ഭാരമുള്ളവനായിരുന്നു. തിമൊഥെയൊസിനെ കാണുവാനും തന്റെ മരണശേഷം വിശ്വാസത്തിന്റെ നല്ല പോർ തുടരുവാൻ അവനെ പ്രോത്സാഹിപ്പിക്കുവാനും അപ്പൊസ്തലൻ ആഗ്രഹിച്ചു. അതിനായി തിഹിക്കൊസിനെ ഈ ലേഖനവുമായി എഫെസൊസിലേക്ക് അയച്ചു (4:9,12). അങ്ങനെ തിമൊഥെയൊസ് റോമിൽ വന്ന് തന്നെ കാണുവാൻ പൗലൊസ് ആകാംക്ഷയോടെ കാത്തിരുന്നു.

പൗലൊസ് ദൈവഹിതപ്രകാരം അപ്പൊസ്തലൻ ആയവനാണ്. ക്രിസ്തുയേശുവിലുള്ള നിത്യജീവന്റെ സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടവനാണ് താൻ എന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു. കർത്താവിന് നമ്മെ ഓരോരുത്തരെക്കുറിച്ച് ചില ആഗ്രഹങ്ങൾ ഉണ്ട്. നാം അത് മനസ്സിലാക്കി ജീവിക്കുന്നവരാണോ? തിമൊഥെയൊസ് പൗലൊസിന് പ്രിയ മകനായിരുന്നു. ഒരു ആത്മിക പിതാവിന്റെ സ്നേഹമാണ് ഇവിടെ കാണുന്നത്. ദൈവത്തിൽനിന്നുമുള്ള കൃപയും കരുണയും സമാധാനവും ആശംസിച്ചുകൊണ്ട് ലേഖനം ആരംഭിക്കുന്നു.

പൗലൊസ് തിമൊഥെയൊസിനെ നിരന്തരം പ്രാർത്ഥനയിൽ ഓർത്തിരുന്നു. ദൈവദാസന്മാർക്ക് പ്രാർത്ഥന പിൻബലമാകുന്നു. എത്രയും വേഗം തിമൊഥെയൊസിനെ കാണു വാനും സന്തോഷിക്കുവാനും കഴിയും എന്നുള്ള ആഗ്രഹം പ്രാർത്ഥനയ്ക്ക് പ്രേരണ നൽകി. നിർമ്മല മനസ്സാക്ഷിയുള്ളവനായി പൗലൊസ് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്തു. പാപങ്ങൾ ഏറ്റുപറഞ്ഞ് നിരപ്പ് പ്രാപിക്കുന്നവർക്ക് മാത്രമേ നിർമ്മല മനസ്സാക്ഷിയുള്ളവരാകുവാൻ കഴിയുകയുള്ളൂ. തിമൊഥെയൊസിന്റെ കപടമില്ലാത്ത വിശ്വാസത്തെക്കുറിച്ച് കേട്ട് പൗലൊസ് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. അത് തന്റെ അമ്മയിൽനിന്നും വല്യമ്മയിൽനിന്നും അഭ്യസിച്ചതായിരുന്നു. ആ വിശ്വാസം തിമൊഥെ യൊസിലും ഉണ്ടെന്നുള്ള ഉറപ്പ് പൗലൊസിനുണ്ടായിരുന്നു. നാം നമ്മുടെ പിതാക്കന്മാരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരാണോ എന്ന് സ്വയം പരിശോധിക്കാം.

തിമൊഥെയൊസ് ശുശ്രൂഷയ്ക്ക് ആവശ്യമായ കൃപാവരം ലഭിച്ചവനായിരുന്നു. അത് പൗലൊസിന്റെ കൈവെപ്പിനാൽ അംഗീകരിക്കപ്പെട്ടിരുന്നു (1 തിമൊ. 4:14). ഇന്ന് അപ്പൊസ്തലന്മാർ ഇല്ലാത്തതിനാൽ ഈ സമ്പ്രദായം തുടരുന്നില്ല. ദൈവദത്തമായ കൃപാവരങ്ങൾ നിത്യമാണെങ്കിലും അത് ജ്വലിപ്പിക്കുവാനുള്ള ഉത്തരവാദിത്വം വിശ്വാസികൾക്കുണ്ട് (റോമർ 11:29). കൃപാവരം നൽകിയ ദൈവത്തിന് നമ്മുടെ ഭയത്തെയും നീക്കുവാൻ കഴിയും. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല. പ്രത്യുത ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവാകുന്നു. ഭയം സാത്താൻ ഉളവാക്കുന്നതാണ്. ഭയപ്പെടുന്നവർക്ക് കർത്താവിനെ സേവിക്കുവാൻ കഴിയുന്നതല്ല (ന്യായാ. 7:3). നാം മനുഷ്യരെ ഭയപ്പെടരുത് (യിരെ. 1:8; മത്താ. 10:28). അതിന് ദൈവാത്മനിറവും ദൈവവാഗ്ദത്തങ്ങളിലുള്ള വിശ്വാസവും ആവശ്യമാകുന്നു (യാക്കോ. 5:7). പരിശുദ്ധാത്മാവ് ശുശ്രൂഷയ്ക്ക് ശക്തി നൽകുന്നു (പ്രവൃ. 1:8). സുബോധം നൽകുന്നതും പരിശുദ്ധാത്മാവാണ്. അതുകൊണ്ടുള്ള അർത്ഥം ആത്മനിയന്ത്രണമുള്ളവരായി കൃപാവരങ്ങൾ ഉപയോഗിക്കണം എന്നാണ്. ആത്മനിയന്ത്രണമില്ലാത്ത ജീവിതവും ശുശ്രൂഷകളും ദൈവാത്മാവിനെ ദുഃഖിപ്പിക്കുകയും കെടുത്തുകയും ചെയ്യുന്ന തായിരിക്കും (എഫെ. 4:30; 1 തെസ്സ. 5:19).

## സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കരുത് (1:8-14)

വിശ്വാസികൾ സുവിശേഷത്തിന്റെ ശക്തി അനുഭവിച്ചറിഞ്ഞവരാകുന്നു. അതുകൊണ്ട് അതിൽ പ്രശംസിക്കുന്നവർ ആകണം. പൗലൊസ് സുവിശേഷ ത്തിനായി കഷ്ടം അനുഭവിച്ചു. തിമൊഥെയൊസും സുവിശേഷത്തിനുവേണ്ടി പൗലൊസിനോട് ചേർന്ന് കഷ്ടം അനുഭവിക്കുവാൻ ആഹ്വാനം ചെയ്യുന്നു. അതിന് ദൈവം ശക്തിയും കൃപയും നൽകുമെന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. തൽസമയത്ത് സഹായത്തിനായുള്ള കൃപ പ്രാപിക്കുവാൻ നാം കൃപാസനത്തിങ്കൽ വരണം എന്ന് കർത്താവ് കൽപ്പിച്ചിരിക്കുന്നു. നാം കൃപയാൽ രക്ഷിക്കപ്പെട്ടവരാകുന്നു. സുവിശേഷത്താലുള്ള വിളി നമുക്ക് ലഭിച്ചു. അങ്ങനെ നാം രക്ഷിക്കപ്പെടുവാൻ ഇടയായി. ഇത് ലോകസ്ഥാപനത്തിനുമുമ്പേ ദൈവം പദ്ധതി ചെയ്തതാകുന്നു. നാം ആ സുവിശേഷം അറിയിക്കുവാൻ വിശുദ്ധ വിളി ലഭിച്ചവരാകുന്നു. അത് പാപിക്ക് രക്ഷ നൽകുന്ന ജീവന്റെ സുവിശേഷമാണ്. മരണത്തെ ജയിച്ച സുവിശേഷമാകുന്നു. ക്രിസ്തു തന്റെ മരണപുനരുത്ഥാനത്തിൽക്കൂടി അത് വെളിപ്പെടുത്തിയിരിക്കുന്നു (എബ്രാ. 2:14,15). സുവിശേഷം ക്ഷയമില്ലാത്ത പുനരുത്ഥാനശരീരത്തെക്കുറിച്ചുള്ള പ്രത്യാശ നൽകുന്നു. അപ്പൊസ്തലൻ സുവിശേഷം പ്രസംഗിക്കുവാൻ ദൈവനിയോഗം ലഭിച്ചവനായിരുന്നു. അതുപോലെതന്നെ അവൻ വചനം പഠിപ്പിക്കുന്ന ഉപദേഷ്ടാവുമായിരുന്നു. പൗലൊസിന് ലഭിച്ച ദിവ്യനിയോഗത്തെക്കുറിച്ചുള്ള ഉറപ്പ് സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ സഹായിച്ചു. അതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തു. തന്റെ ജീവിതവും ശുശ്രൂഷകളും ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ടിരുന്നു. അത് ക്രിസ്തുവിന്റെ ന്യായാസനത്തിൽ പ്രതിഫലം നൽകുന്നതുവരേയും സൂക്ഷിക്കുവാൻ അവൻ ശക്തൻ എന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് പൗലൊസിന്റെ മാതൃക പിൻചെല്ലുവാൻ തിമൊഥെയൊസിനോട് ആജ്ഞാപിക്കുന്നു. ദൈവവചനത്തോടു വിശ്വസ്തനായിരിക്കുക. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ വർദ്ധിച്ചുവരിക. ഇവ രണ്ടും പരിശുദ്ധാത്മാവാണ് നമ്മിൽ ഉളവാക്കുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ സ്നേഹത്തിൽ സത്യത്തിന് സാക്ഷികൾ ആകുവാൻ നമുക്ക് കഴികയുള്ളൂ (എഫെ. 4:15). തിമൊഥെയൊസിനെ അതിനായി അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു.

## ഒനേസിഫൊരൊസിന്റെ മാതൃക (1:15-18)

റോമിലെ തണുത്തിരുണ്ട കുണ്ടറയിൽനിന്നും എഴുതിയ ഈ ലേഖനത്തിൽ നിരാശയുടെ സ്വരം കേൾക്കുവാൻ കഴിയുന്നതല്ല. പൗലൊസിനെ ഉറ്റസഹോദരന്മാർ കൈവെടിഞ്ഞു. ഏകനായി മരണത്തെ അഭിമുഖീകരിച്ച് താൻ കാരാഗൃഹത്തിൽ കഴിയുന്നു. തന്നെ സഹായിക്കാതെ വിട്ടുപോയ രണ്ട് വ്യക്തികളായിരുന്നു ഫുഗലൊസും ഹെർമ്മൊഗനെസും. അവരുടെ വിശ്വാസത്യാഗം പ്രസിദ്ധമായിരുന്നതുകൊണ്ടായിരിക്കാം അപ്പൊസ്തലൻ ഈ പേരുകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതിന്റെ മദ്ധ്യത്തിലും തന്റെ മനസ്സിനെ തണുപ്പിക്കുവാൻ ദൈവം ഒനേസിഫൊരൊസിനെ എഫെസൊസിൽനിന്നും അയച്ചിരുന്നു. അവൻ പൗലൊസിന്റെ തടവിനെക്കുറിച്ച് ലജ്ജിക്കാത്തവനായിരുന്നു. തന്നെ കണ്ടുപിടിക്കുവാൻ പല തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും താല്പര്യത്തോടെ തിരഞ്ഞ് കണ്ടുപിടിച്ചു. അവന്റെ കുടുംബത്തോട് അല്പകാലം വേർപ്പെട്ടിരുന്നു പൗലൊസിനെ ശുശ്രൂഷിക്കുവാൻ ഒനേസിഫൊരൊസിന് മനസ്സുണ്ടായി. അവൻ സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാത്തവനായിരുന്നു. അവൻ സഭയിൽ നല്ല സാക്ഷ്യമുള്ള ശുശ്രൂഷകനായിരുന്നു. അവന്റെ കുടുംബത്തിന് കർത്താവ് കരുണ നൽകുമാറാകട്ടെ എന്ന് അപ്പൊസ്തലൻ പ്രാർത്ഥിക്കുന്നു. തിമൊഥെയൊസ് ആ നല്ല മാതൃക അനുകരിക്കണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു. ദൈവദാസന്മാരുടെ മനസ്സിനെ തണുപ്പിക്കുന്നവരായി തീരാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 2

(2:1-13) കർത്തൃദാസന്മാർക്കുണ്ടായിരിക്കേണ്ട ജീവിതമാതൃക ഈ അദ്ധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്നു. വിശ്വാസികൾ കൃപയാൽ രക്ഷിക്കപ്പെട്ടവരാണ്. വിശ്വാസ ജീവിതത്തിനും ശുശ്രൂഷകൾക്കും കൃപ ഒഴിച്ചുകൂടാത്തതാകുന്നു (എബ്രാ. 4:16). കൂടാതെ ആത്മികശക്തിയുള്ളവരാകണം. തിമൊഥെയൊസിന് സ്നേഹത്തോടെ പൗലൊസ് നൽകുന്ന ആജ്ഞ അതാകുന്നു. ദൈവവചനസത്യങ്ങൾ പൗലൊസിൽനിന്നും പഠിക്കുവാൻ തിമൊഥെയൊസിന് കഴിഞ്ഞിരുന്നു. അത് രഹസ്യമായ പഠിപ്പിക്കൽ ആയിരുന്നില്ല. അതിന് പലരും സാക്ഷികൾ ആണ്. വചനം പഠിച്ചതുകൊണ്ട് തൃപ്തിപ്പെടാതെ വിശ്വസ്തരും പഠിപ്പിക്കുവാൻ മനസ്സും കഴിവുമുള്ളവരെ അത് പഠിപ്പിക്കയും ചെയ്യണം. അവർ പഠിക്കയും മറ്റുള്ളവരെ ശിഷ്യരാക്കയും ചെയ്യും. അങ്ങനെ തലമുറകൾ ദൈവവചനം അറിയുവാൻ ഇടയാകും.

ദൈവദാസന്മാർ ക്രിസ്തുവിന്റെ നല്ല ഭടന്മാരായി കഷ്ടം സഹിക്കുവാൻ മനസ്സുള്ളവരായിരിക്കണം. പൗലൊസ് അതിന് മനസ്സുള്ളവനായിരുന്നു. തിമൊഥെയൊസും അങ്ങനെ ആകണം എന്ന് പൗലൊസ് ആഗ്രഹിക്കുന്നു. പടയാളി സ്ഥിരമാനസനും, വേർപ്പെട്ടവനും, ലൗകികചിന്തകൾ വെടിഞ്ഞവനുമായി സേവചെയ്യുന്നവനാണ്. അതുപോലെയാണ് ആത്മീയ പോരാട്ടവും. അവർ കർത്താവിനെ പ്രസാദിപ്പിക്കുന്നവർ ആകണം. ശുശ്രൂഷയെ അലക്ഷ്യമാക്കുന്ന യാതൊരു കാര്യങ്ങളിലും ഏർപ്പെടാതെ സൂക്ഷിക്കണം. അതിന് അവരെ സാമ്പത്തികമായി സഹായിക്കുവാൻ സഭയ്ക്ക് ഉത്തരവാദിത്വം ഉണ്ട്. ദൈവദാസന്മാരെ കായികാഭ്യാസിയോടും കൃഷിക്കാരനോടും ഉപമിച്ചിരിക്കുന്നു. അവർ നിയമപ്രകാരം പോരാടുമ്പോൾ കിരീടം പ്രാപിക്കുന്നു. അദ്ധ്വാനിക്കുമ്പോൾ ഫലം അനുഭവിക്കുന്നു. ദൈവവചനപ്രകാരം അദ്ധ്വാനിക്കുന്നവർക്ക് മാത്രമേ കർത്താവിനെ പ്രസാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. തിമൊഥെയൊസ് അങ്ങനെ കർത്താവിനെ സേവിക്കണം എന്ന് പൗലൊസ് ആജ്ഞാപിക്കുന്നു.

പൗലൊസ് ഒരു കുറ്റവാളിയെപ്പോലെ ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിച്ചു. സുവിശേഷത്തെക്കുറിച്ചുള്ള അനുഭവജ്ഞാനമായിരുന്നു അതിനു തന്നെ ബലപ്പെടുത്തിയത്. ക്രിസ്തു പാപികൾക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ആ പുനരുത്ഥാനത്തിന് സാക്ഷികൾ ആയതുകൊണ്ടാണ് അപ്പൊസ്തലന്മാർ കഷ്ടം സഹിക്കേണ്ടി വന്നത്. അവർക്ക് ലഭിക്കുവാൻ പോകുന്ന നിത്യതേജസ്സിനെക്കുറിച്ചുള്ള പ്രത്യാശ കഷ്ടം സഹിക്കുവാൻ അവരെ മനസ്സുള്ളവരാക്കി (പ്രവൃ. 20:24). ക്രിസ്തീയ ജീവിതത്തിൽ കഷ്ടത കൾ ഉണ്ട്. എന്നാൽ കഷ്ടതകളിൽ കർത്താവ് സംരക്ഷിക്കുവാൻ മതിയായവൻ ആകുന്നു (1 പത്രൊ. 4:12,13). പൗലൊസ് പരാതി കൂടാതെ സന്തോഷത്തോടെ കഷ്ടത സഹിച്ചത് മറ്റു വിശ്വാസികൾക്ക് പ്രോത്സാഹനം നൽകി. വിശ്വാസികൾ ക്രിസ്തുവിന്റെ മരണ പുനരുത്ഥാനത്തോട് താദാത്മ്യപ്പെട്ടവരാണ്. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നവർ അവനോടുകൂടെ വാഴും. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് വിശ്വാസം ത്യജിക്കുന്നവർ നിത്യന്യായവിധിക്ക് യോഗ്യരാകും. പത്രൊസിനെപ്പോലെ ഭീരുവായി തള്ളിപ്പറയുന്നവർ ആത്മികഗോളത്തിൽ ഉണ്ട്. അവർ അനുതപിച്ച് കർത്താവിങ്കലേക്ക് മടങ്ങിവരുമ്പോൾ അവരെ കർത്താവ് സ്വീകരിക്കുകയും പ്രയോജനമുള്ളവരാക്കുകയും ചെയ്യും. എന്നാൽ വേഷഭക്തർ തള്ളപ്പെടും (1 യോഹ. 2:19; മത്താ. 7:22,23). ക്രിസ്തീയ ജീവിത രഹസ്യം കർത്താവിലുള്ള വിശ്വാസം ആകുന്നു. നാം സംശയിക്കുമ്പോഴും കർത്താവ് വിശ്വസ്തനാകുന്നു. അത് ദൈവത്തിന്റെ സ്വഭാവം ആകുന്നു. അത് ത്യജിക്കുവാൻ അവന് കഴിയുന്നതല്ല. അത് അനുഭവിച്ചറിഞ്ഞ വർക്ക് കർത്താവ് വിശ്വസ്തൻ എന്ന് സാക്ഷിക്കുവാൻ കഴിയും.

### കൊള്ളാകുന്ന വേലക്കാരൻ ആകുക (2:14-19)

ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് വിശ്വാസികളെ ബോധവാന്മാരാക്കുവാനുള്ള ഉത്തരവാദിത്വം കർത്തൃദാസന്മാർക്കുണ്ട്. അപ്രധാന വിഷയങ്ങൾ ഉന്നയിച്ച് തർക്കവും വാദവും കഴിക്കുന്നതുകൊണ്ട് ആത്മിക വളർച്ച ഉണ്ടാകുന്നില്ല. അത് സംശയവും തെറ്റിദ്ധാരണകളും ഉളവാക്കുന്നതാകയാൽ ഒഴിഞ്ഞിരിക്കണം. ദൈവദാസന്മാർ സത്യവചനത്തെ നേരായി വിഭജിക്കുന്നവർ ആകണം. അതിന് ദൈവവചനം ശ്രദ്ധയോടെ പഠിക്കുവാൻ ആവശ്യമുണ്ട്. ജീവിതത്തിൽ അത് അനുഭവമാക്കുവാൻ അവർക്ക് കഴിയണം. അത് ഒരു മതകർമ്മമായി മാററുത്. കർത്താവിനെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വചനം പഠിക്കുകയും പ്രസംഗിക്കുകയും ചെയ്യണം. വചനത്തോട് മായം കലർത്തരുത്. വചനശുശ്രൂഷകൊണ്ടുള്ള ലക്ഷ്യം ദൈവമഹത്വവും വിശ്വാസികളുടെ ആത്മിക വർദ്ധനവും ആയിരിക്കണം. ദുരുപദേഷ്ടാക്കന്മാർ ഭക്തിയുളവാക്കാത്ത പ്രസംഗം ചെയ്യുന്നവരാണ്. അവരുടെ തർക്കസൂത്രങ്ങളെ ഒഴിഞ്ഞിരിക്കണം (1 തിമൊ. 6:20). ദുരുപദേശം കാൻസർരോഗംപോലെയാണ്. ദുരുപദേഷ്ടാക്കന്മാർ വചനപരിജ്ഞാനം ഇല്ലാത്തവരും സംശയങ്ങൾ സൃഷ്ടിക്കുന്നവരുമാകുന്നു. ഹുമനയൊസും ഫിലേത്തൊസും പുനരുത്ഥാനം അക്ഷ രികമല്ല ആത്മിക അനുഭവമാണെന്ന് പഠിപ്പിക്കയും പലരും ദുരുപദേശത്തിൽ വീഴുവാൻ ഇടയാകയും ചെയ്തു. അവർ ദൈവജനത്തിന്റെ മദ്ധ്യത്തിൽ ഇടർച്ച വരുത്തുന്നവരാണ്. എന്നാൽ ക്രിസ്തു എന്ന അടിസ്ഥാനം നിലനിൽ ക്കുന്നു. കർത്താവ് തനിക്കുള്ളവരെ അറിയുന്നു (യോഹ. 10:27,28). അവർ ദോഷം വിട്ടകലുന്നവർ ആകണം. അപ്പോൾ കർത്താവിനുള്ളവരും അല്ലാത്ത വരും തമ്മിലുള്ള വ്യത്യാസം വെളിപ്പെടും (മത്താ. 7:23).

### മാനപാത്രം ആകുക (2:20-26)

സഭയെ ഒരു വീടിനോട് ഉപമിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനം ക്രിസ്തുവാണ് (1 കൊരി. 3:11). വീട്ടിൽ പല ഉപകരണങ്ങളും ഉണ്ട്. ചിലത് മാന്യകാര്യത്തിനും ചിലത് ഹീനകാര്യത്തിനും ഉപയോഗിക്കുന്നു. കർത്താ

വിന് ഉപയോഗമുള്ള ദൈവദാസന്മാരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. കർത്താവിന് ഉപയോഗിക്കുവാൻ അവർ ബാഹ്യമായും ആന്തരികമായും ശുദ്ധിയുള്ളവർ ആയിരിക്കണം. അവർ ദുരുപദേശത്തോട് വേർപ്പെടണം. അശുദ്ധ മായ ജീവിതശൈലി ഉപേക്ഷിക്കണം (2 കൊരി. 6:16). ദൈവിക കാര്യങ്ങ ളിൽ ഏകാഗ്രചിത്തരായിരിക്കണം (2 ദിന. 16:9). വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവും ഉള്ളവരാകണം (സങ്കീ. 24:4). ദൈവവചനത്താലും ദൈവാത്മാവിനാലും നിറഞ്ഞ അനുഭവം ഫലകരമായ ശുശ്രൂഷകൾക്ക് ആവശ്യമാകുന്നു (പ്രവൃ. 1:8). അവർ യൗവനമോഹങ്ങൾ ഒഴിഞ്ഞിരിക്കണം. മൗഢ്യതർക്കങ്ങളിൽ ഏർപ്പെടരുത്. ഭിന്നതയും ശണ്ഠയും സൃഷ്ടിക്കാത്തവിധം ഉപദേശിക്കുവാൻ കൃപയുള്ളവരാകണം. ദോഷം സഹിക്കുവാൻ മനസ്സുള്ളവരായിരിക്കണം. വിശ്വാസവും സ്നേഹവും നിറഞ്ഞ് സത്യനമസ്കാരികളായവരോട് കൂട്ടായ്മ പുലർത്തുന്നവർ ആയിരിക്കണം. ദുരുപദേഷ്ടാക്കളുടെ കെണിയിൽ വീണവർ അനുതപിച്ച് ദൈവേഷ്ടം ചെയ്യുന്നവരാകുവാൻ സൗമ്യതയിൽ ഉപദേശിക്കയും ക്ഷമയോടെ കാത്തിരിക്കയും ചെയ്യുന്നവർ ആകണം. തിമൊഥെയൊസ് കർത്താവിന് പ്രയോജനമുള്ള മാനപാത്രമാകുവാൻ ഈ യോഗ്യതകൾ ഉള്ളവനാകണം എന്ന് പൗലൊസ് അവനെ ചൂണ്ടിക്കാണിക്കുന്നു. നമുക്കും അതിനായിട്ട് ആഗ്രഹിക്കാം.

## അദ്ധ്യായം 3

### അന്ത്യകാല ലക്ഷണങ്ങൾ (3:1-9)

അന്ത്യനാളുകളിൽ ദുഷ്ടത വർദ്ധിക്കും എന്നുള്ള മുന്നറിയിപ്പോടുകൂടെയാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. സഭാകാലയളവിനെ മൊത്തത്തിൽ അന്ത്യനാളെന്ന് വിശേഷിപ്പിക്കാം. കർത്താവിന്റെ പരസ്യശുശ്രൂഷയോടെ ഈ അന്ത്യനാൾ ആരംഭിച്ചു (എബ്രാ. 1:1,2). അക്രമം നിറഞ്ഞ സമയമായിരിക്കും ഇത്. ഈ ദുഷ്ക്കാലത്തിന്റെ സ്വഭാവം വിവരിച്ചിരിക്കുന്നത് ശ്രദ്ധേയമത്രെ. മനുഷ്യർ സ്വസ്നേഹികൾ അഥവാ സ്വാർത്ഥമയന്മാർ ആകും. ഉള്ളതിൽ സംതൃപ്തരാകാതെ ദ്രവ്യാഗ്രഹികൾ ആകും. മനുഷ്യർ ആത്മപ്രശംസക്കാരും അഹങ്കാരികളും ആകുന്നതായി കാണാം. മറ്റുള്ളവരെ ദുഷിക്കുന്നവരും അമ്മയപ്പന്മാരെ ബഹുമാനിക്കാത്തവരും ആകും. അശുദ്ധ ജീവിതം നയിക്കുന്നവരും നന്ദികെട്ടവരുമായി മനുഷ്യർ തീരും. ആത്മനിയന്ത്രണമില്ലാതെ മൃഗതുല്യരായി ജീവിക്കും. നിഗളികളായി ദൈവഭയമില്ലാതെ ഭോഗപ്രിയരായി മനുഷ്യർ തീരും. താൽക്കാലിക സുഖം നൽകുന്ന ആഹാരത്തിലും വിനോദത്തിലും സംതൃപ്തിപ്പെടുന്നവർ ആകും. ഭക്തി അഭിനയിക്കുന്നവരാണ്, എന്നാൽ അതിന്റെ ശക്തിയോ അനുഭവമോ ഇല്ലാത്തവർ ആകും. ഇന്ന് കാണുന്ന വിവാഹമോചനവും മറ്റും അതിന്റെ തെളിവാകുന്നു. വ്യക്തിപരമായും കുടുംബപരമായും സാമൂഹ്യപരമായും ഈ ധാർമ്മിക അധഃപതനം വീക്ഷിക്കാവുന്നതാണ്.

വേഷഭക്തരോട് വിശ്വാസികൾ വേർപ്പെട്ടിരിക്കണം. അവർ വീടുകൾ തോറും കയറിയിറങ്ങി ബലഹീനരായ സ്ത്രീകളെ വശീകരിച്ച് സ്വാധീനിക്കുന്നവരാണ്. അവരെ മോശെയുടെ അത്ഭുതപ്രവൃത്തികളെ അനുകരിച്ച യന്നേസിനോടും യംബ്രേസിനോടും തുലനംചെയ്തിരിക്കുന്നു (പുറ. 7:11-22). എന്നാൽ പേൻബാധ ഉണ്ടായപ്പോൾ ഈ മന്ത്രവാദികൾക്ക് അനുകരിക്കുവാൻ കഴിഞ്ഞില്ല (പുറ. 8:16-19). സാത്താൻ ദൈവത്തിന്റെ അത്ഭുതങ്ങൾ അനുകരിക്കുന്നവനാണ്. അങ്ങനെ അനേകർ വഞ്ചിക്കപ്പെടാൻ ഇടയാകും. എന്നാൽ അന്ത്യവിജയം ദൈവത്തിനുള്ളതാണ്. കള്ളപ്രവാചകന്മാരുടെ നിജസ്ഥിതി വെളിപ്പെടും. അവർക്ക് എന്നും സത്യത്തോട് എതിർത്തുനിൽക്കുവാൻ കഴിയുന്നതല്ല.

### പൗലൊസിനെ അനുകരിക്കുവാനുള്ള ആഹ്വാനം (3:10-13)

ദുർഘടസമയങ്ങളിൽ വിശ്വസ്ത സേവനത്തിന് ദൈവവചനവും ദൈവദാസന്മാരുടെ മാതൃകാജീവിതവും ഉത്തേജനം നൽകണം. പൗലൊസിന്റെ ജീവിതം തിമൊഥെയൊസിന് വ്യക്തമായിരുന്നു. അവൻ വിശ്വാസത്തിൽ നിജപുത്രനാണ്. പൗലൊസിൽനിന്നും ദൈവവചനം അഭ്യസിക്കയും പ്രവർത്തനങ്ങളിൽ സഹകരിക്കയും ചെയ്തു. സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ അവനു മനസ്സുണ്ടായിരുന്നു. ലുസ്ത്രയിൽവെച്ച് കല്ലേറുകൊണ്ടത് തിമൊഥെയൊസ് കണ്ടതാണ്. പൗലൊസിന് ഇതിൽനിന്നൊക്കെയും ദൈവം നൽകിയ വിടുതലിനെക്കുറിച്ച് തിമൊഥെയൊസിന് അറിവുണ്ടായിരുന്നു. എങ്കിലും ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്ക് ഉപദ്രവം ഉണ്ടാകും എന്ന് പൗലൊസ് തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുന്നു (1 പത്രൊ. 3:14). ഇന്നും അത് സത്യമാണ്. ദൈവജനത്തെ ഉപദ്രവിക്കുന്നവർ സാത്താനാൽ വഞ്ചിക്കപ്പെട്ടവരാണ്. അവർ കൂടുതൽ ദോഷം ചെയ്യുവാൻ തുടർന്നും സാത്താനാൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കും. അതിൽനിന്നും രക്ഷപ്പെടുവാനുള്ള പ്രതിവിധി ദൈവവചനത്താൽ നിറയുകയാണ്.

### ദൈവവചനത്തിന്റെ ശക്തി (3:14-17)

ദുർഘടസമയത്ത് വിശ്വാസത്തിൽ നിലനിന്ന് കർത്താവിനെ സേവിക്കുവാനും ദുരുപദേഷ്ടാക്കന്മാരോട് വേർപെടുകയും മാതൃകയുള്ള ദൈവദാസന്മാരെ അനുകരിക്കയും ചെയ്യണം എന്ന് അപ്പൊസ്തലൻ തിമൊഥെയൊസിനെ ഓർമ്മിപ്പിച്ചു. മൂന്നാമതായി ദൈവവചനത്തിൽ അടിയുറച്ച ജീവിതം നയിക്കണം. തിമൊഥെയൊസ് ബാല്യം മുതൽ അറികയും നിശ്ചയം പ്രാപിക്കയും ചെയ്തതാണ് തിരുവെഴുത്ത് (1:5). അത് രക്ഷയിലേക്ക് നയി ക്കുന്ന വചനമാണ്. അത് തിരുവെഴുത്താണ്. ദൈവദത്തമാണ് എന്ന് സാരം. മനുഷ്യന്റെ വാക്കുകൾ അല്ല, പ്രത്യുത ദൈവകല്പ

നയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് നൽകിയിട്ടുള്ളതത്രെ (1 തെസ്സ. 2:13; 2 പത്രൊ. 1:21). ദൈവിക വെളിപ്പാടുകൊണ്ടുള്ള അർത്ഥം അതാണ്. ദൈവശ്വാസീയംകൊണ്ടുള്ള അർത്ഥം ദൈവം വെളിപ്പെടുത്തിയ സത്യം തെറ്റുകൂടാതെ എഴുതുവാനുള്ള കഴിവ് എന്നാണ്.

രക്ഷിക്കപ്പെടുവാൻ ദൈവവചനം കേൾക്കണം (റോമർ 10:17). ക്രിസ്തുവാണ് രക്ഷിതാവ്. വചനം കേൾക്കുമ്പോൾ പാപബോധം ഉണ്ടാകയും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുവാനുള്ള ആവശ്യബോധം ലഭിക്കയും ചെയ്യുന്നു. വചനം ദൈവിക സത്യങ്ങൾ വെളിപ്പെടുത്തുന്നു. അത് ഉപദേശത്തിന് മതിയായതാണ്. തെറ്റുകൾ ചൂണ്ടിക്കാണിച്ച് ശാസിക്കുന്നു. ശരി എന്തെന്ന് ബുദ്ധിയുപദേശം നൽകുന്നു. നീതിയുള്ള ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നു. സൽപ്രവൃത്തികൾ ചെയ്യുവാൻ കഴിവു നൽകുന്നു. കർത്താവിന് ഉപയോഗിക്കുവാൻ വിശ്വാസികളെ ആത്മിക പക്വത ഉള്ളവരാക്കുന്നു. തികഞ്ഞവൻ ആകുക എന്നതിന്റെ ആശയം അതാണ്. ദൈവവചനപഠനംകൊണ്ട് സാധിക്കേണ്ടതും അതാണ്. കർത്താവ് അതിന് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 4

പൗലൊസിന്റെ അന്ത്യവാക്കുകളാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്. കടുത്ത പോരാട്ടത്തിന്റെ മദ്ധ്യത്തിലും പരാതിയുടെയോ അസംതൃപ്തിയുടെയോ യാതൊരു സ്വരവും തന്നിൽനിന്നും ഉയർന്നില്ല. അപ്പൊസ്തലന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് അറിവുണ്ടായിട്ടും മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുന്ന ഹൃദയം എത്ര ശ്രേഷ്ഠമാകുന്നു. ജീവിതസാഫല്യം കൈവരിച്ച ഒരു ക്രിസ്തുഭക്തനെ നാം ഇവിടെ കാണുന്നു.

### വചനം പ്രസംഗിക്കുക (4:1-8)

തിമൊഥെയൊസിന് പൗലൊസ് നൽകിയ ഗൗരവമേറിയ ചുമതലകളാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്. അത് അനുസരിക്കുവാനുള്ള ഉത്തര വാദിത്വം തിമൊഥെയൊസിനുണ്ടായിരുന്നു. ഇത് ദുഷ്കാലമാണ്. കള്ളയുപദേഷ്ടാക്കന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസികൾ വഞ്ചിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ന്യായവിധിക്കുള്ള ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ കണക്ക് ബോധിപ്പിക്കേണ്ട ദിവസം ആസന്നമായിരിക്കുന്നു (2 കൊരി. 5:10). അതുകൊണ്ട് വചനം പ്രസംഗിക്കുക. അനുകൂലസാഹചര്യത്തിലും പ്രതികൂല സാഹചര്യത്തിലും അതിന് ഒരുക്കമുള്ളവനായിരിക്കുക. ശുശ്രൂഷയുടെ ഫലം ഉടനെ കണ്ടു എന്ന് വരാത്തതിനാൽ ദീർഘക്ഷമയോട് വചനം ശുശ്രൂഷിക്കണം. ഉപദേശം പ്രസംഗിക്കണം. അതുകൊണ്ടുള്ള ആശയം പത്ഥ്യോപദേശം പ്രസംഗിക്കണം എന്നാണ്. കെട്ടുകഥകളും മനസ്സിന് രസം നൽകുന്ന ദൃഷ്ടാന്തങ്ങളും കേൾക്കുവാൻ മനുഷ്യർ താല്പര്യം ഉള്ളവർ ആകും. അവർ ദൈവവചനസത്യങ്ങൾക്ക് പ്രാധാന്യം നൽകുകയില്ല. എന്നാൽ ദൈവദാസന്മാർ വചനത്തിൽക്കൂടി ശാസിക്കുകയും പ്രബോധിപ്പിക്കുകയും കുറ്റബോധം ഉളവാക്കുകയും ചെയ്യണം. അങ്ങനെ വിശ്വാസികൾ ആത്മിക വർദ്ധനവ് ഉള്ളവരാകുവാൻ ഇടയാകണം.

തുടർന്ന് തിമൊഥെയൊസിനോട് ആജ്ഞാപിക്കുന്നത് അവൻ സാഹചര്യങ്ങളെക്കുറിച്ച് ബോധമുള്ളവനായിരിക്കണം എന്നാണ്. സഭാമൂപ്പന്മാർ ദൈവജനത്തിന്റെ ആത്മിക സ്ഥിതി മനസ്സിലാക്കി ശുശ്രൂഷിക്കുന്നവർ ആയിരിക്കണം. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാൻ മനസ്സുള്ളവരാകണം. സാത്താന്റെ ആക്രമണം അവർ നിരന്തരം നേരിടുമെങ്കിലും കർത്താവ് പരിപാലിക്കുവാൻ മതിയായവൻ ആകുന്നു. ദൈവദാസൻ ആത്മാക്കളെക്കുറിച്ച് ഭാരവും ദാഹവും ഉള്ളവനായിരിക്കണം. സുവിശേഷം അറിയിക്കുന്നതിൽ അവൻ തൽപരൻ ആയിരിക്കണം. കർത്താവ് ഭരമേല്പിച്ചിട്ടുള്ള ശുശ്രൂഷകളിൽ വിശ്വസ്തൻ ആകണം. പൗലൊസ് തന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് തിമൊഥെയൊസിനെ അവന്റെ ഉത്തരവാദിത്വങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. 30 ദീർഘവർഷങ്ങൾ കർത്താവിന്റെ വിശ്വസ്ത ഭടനായി പൗലൊസ് പോരാടി. ഇനി ആ ചുമതല തിമൊഥെയൊസിനുള്ളതാകുന്നു എന്ന് അവനെ ഓർമ്മിപ്പിക്കുന്നു. കർതൃദാസന്മാർ ഈ മാതൃക അനുകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

പൗലൊസ് തന്റെ ശുശ്രൂഷകളെക്കുറിച്ച് സംതൃപ്തിയുള്ളവനായിരുന്നു. തന്റെ ജീവിതവും ശുശ്രൂഷയും ദൈവത്തിന് സൗരഭ്യം നൽകുന്ന ഒരു യാഗമായിരുന്നു. തന്റെ മരണത്തിലും കർത്താവിന് സൗരഭ്യം നൽകുന്ന ഒരു പാനീയബലിയായി താൻ അവസാനിക്കും എന്നുള്ള ഉറപ്പ് പൗലൊസിനു ണ്ടായിരുന്നു. അങ്ങനെ തന്റെ ശിരസ്സ് വാളാൽ ശരീരത്തിൽനിന്നും മാറ്റപ്പെടുമ്പോൾ തന്റെ ആത്മാവ് താൻ പ്രിയം വെച്ച കർത്താവിന്റെ മാറിടത്തിലേക്ക് പറന്നുയരുമെന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു. കർത്താവിനുവേണ്ടി വിശ്വസ്ത സേവനം ചെയ്ത് അദ്ധ്വാനിച്ചു എന്ന് തനിക്ക് ബോധമുണ്ട്. 'ഓട്ടം തികച്ചു' എന്നുള്ളതുകൊണ്ടുള്ള ആശയം ലക്ഷ്യബോധമുള്ളവനായി എതിർപ്പുകളുടെ മദ്ധ്യത്തിൽ പിന്മാറാതെ ദൗത്യം നിവർത്തിച്ചു എന്നാണ്. മൂന്നാമതായി താൻ വിശ്വാസം കാത്തു. ഇത് വ്യക്തിപരമായ ക്രിസ്തുവിലുള്ള വിശ്വാസം അല്ല. പ്രത്യുത ഒരിക്കലായി വിശുദ്ധന്മാരെ ഭര മേല്പിച്ചിട്ടുള്ള ദൈവവചനത്തെ കാണിക്കുന്നു (യൂദാ 3). പൗലൊസ് വചന ത്തോട് വിശ്വസ്തത പുലർത്തി എന്ന് സാരം. കർത്താവിൽനിന്നും നീതിയുടെ കിരീടം തനിക്ക് ലഭിക്കും എന്നുള്ള ഉറപ്പ് പൗലൊസിനുണ്ടായിരുന്നു. കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ചവർക്കുള്ളതാണ് ഈ കിരീടം. പൗലൊസ് തന്റെ ജീവിതവും ശുശ്രൂഷകളും കർത്താവിന്റെ പ്രത്യക്ഷതയെ മുമ്പിൽ കണ്ടുകൊണ്ട് നിവർത്തിച്ചു. ആ വിശ്വസ്ത സേവനത്തിന് കർത്താവ് പ്രതിഫലം നൽകുവാൻ അവൻ നീതിയുള്ള ന്യായാധിപതിയാണെന്ന് തനിക്ക് ഉറപ്പുണ്ടായിരുന്നു. തനിക്ക് മാത്രമല്ല കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും അത് ലഭിക്കും എന്നും തനിക്ക് ബോധമുണ്ടായിരു

ന്നു. പ്രിയ ദൈവജനമേ, നമുക്കും ഈ ലക്ഷ്യബോധത്തോടെ കർത്താവിനെ സേവിക്കാം.

### പൗലൊസിന്റെ വ്യക്തിപരമായ പരാമർശങ്ങൾ (4:9-22)

പൗലൊസിന്റെ രക്തസാക്ഷിമരണത്തിനു മുമ്പ് തിമൊഥെയൊസ് റോമിൽ എത്തണമെന്ന് അവൻ ആഗ്രഹിച്ചു. അതിനായിട്ട് ഈ ലേഖനവുമായി തിഹിക്കൊസിനെ എഫെസൊസിലേക്ക് അയച്ചു. ലൂക്കൊസ് ഒഴികെ എല്ലാവരും തന്നെ വിട്ടുപോയി. ക്രിസ്തുവിശ്വാസികൾ വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പൗലൊസിന്റെ ദിവസങ്ങളും എണ്ണപ്പെട്ടിരിക്കുന്നു. റോമിലെ ദിവസ ങ്ങൾ അത്യന്തം ഇരുളടഞ്ഞുകൊണ്ടിരുന്ന ഘട്ടത്തിൽ പൗലൊസ് തിമൊഥെയൊസിന്റെ സഖിത്വം ആഗ്രഹിക്കുന്നു. ദേമാസ് പൗലൊസിന്റെ സഹപ്രവർത്തകനായിരുന്നു (കൊലൊ. 4:14). അവൻ ലോകത്തെ സ്നേഹിച്ച് തന്നെ വിട്ടുപോയി. ഒരുപക്ഷേ ദ്രവ്യാഗ്രഹത്തിന് അടിമപ്പെട്ടുപോയതായിരിക്കണം അതിനു കാരണം. സഹപ്രവർത്തകരായിരുന്ന ക്രേസ്കേസും തീതൊസും തന്നോടുകൂടെയില്ല. മർക്കൊസിനെ കൂട്ടിക്കൊണ്ടുവരണം എന്ന് അപേക്ഷിക്കുന്നു. അവർ തമ്മിൽ വർഷങ്ങൾക്ക് മുമ്പ് പിരിഞ്ഞതാണ് (പ്രവൃ. 15:36 –40). ഒന്നു പരാജയപ്പെട്ടതുകൊണ്ട് കർത്തൃദാസന്മാർ എന്നേക്കുമായി പ്രയോജനശൂന്യരാകയില്ല എന്ന് മർക്കൊസിന്റെ അനുഭവം തെളിയിക്കുന്നു. പൗലൊസ് മർക്കൊസിനെ പ്രയോജനമുള്ളവനായി കണ്ടു.

തിമൊഥെയൊസ് വരുമ്പോൾ ത്രോവാസിൽ ഇറങ്ങി പൗലൊസ് അവിടെ വച്ചേച്ചുപോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും കൊണ്ടുവരുവാൻ അപേക്ഷിക്കുന്നു. പഴയനിയമം തോലിൽ എഴുതി അന്നു സൂക്ഷിച്ചിരുന്നു. പൗലൊസ് കാരാഗൃഹത്തിലും ദൈവവചനപഠനത്തിന് പ്രാധാന്യം നൽകിയിരുന്നു. ശീതകാലം സമീപിച്ചിരുന്നതുകൊണ്ടാണ് പുതപ്പിന്റെ കാര്യം ഓർമ്മിപ്പിച്ചത്. ശീതകാലത്ത് കപ്പൽസഞ്ചാരം ഇല്ലായിരുന്നതുകൊണ്ട് അതിന് മുമ്പേ വരണം എന്ന് ആവശ്യപ്പെടുന്നു. ചെമ്പുപണിക്കാരനായ അലക്സാണ്ടർ പൗലൊസിനെ വളരെ ഉപദ്രവിച്ചിരുന്നു. അപ്പൊസ്തലൻ പ്രതികാരത്തിന് മുതിരാതെ കർത്താവിന്റെ കരങ്ങളിൽ അവനെ ഭരമേല്പിച്ചു. അവൻ തിമൊഥെയൊസിന് പരിചയമുള്ളവനായിരുന്നു. തിമൊഥെയൊസ് അവനാൽ ഉപദ്രവിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കണം എന്ന് മുന്നറിയിപ്പു നൽകുന്നു. പൗലൊസിന്റെ ഒന്നാം പ്രതിവാദത്തിൽ ആരും തനിക്ക് തുണനിന്നില്ല. എന്നാൽ കർത്താവു തന്നെ ബലപ്പെടുത്തുകയും അവിടെ സുവിശേഷം പ്രസംഗിക്കുവാൻ പ്രാപ്തനാക്കയും ചെയ്തു. ദൈവദാസന്മാർ നിരാശരും നിസ്സഹായരും ആകുമ്പോൾ കർത്താവ് അവരെ കൈവിടുന്നവനല്ല (പ്രവൃ. 18:9–11; 23:11; എബ്രാ. 13:5). താൻ സിംഹത്തിന്റെ വായിൽ നിന്നും രക്ഷപ്പെട്ടു എന്ന് പൗലൊസ് സാക്ഷിക്കുന്നു. സാത്താൻ അലറുന്ന സിംഹംപോലെ ഓടിനടന്ന് വിശ്വാസികളെ ഉപദ്രവിക്കുന്നവനാണ് (1 പത്രൊ. 5:8). സാത്താന്റെ തന്ത്രങ്ങളിൽനിന്ന് അപ്പൊസ്തലൻ വിടുവിക്കപ്പെട്ടു എന്ന് സാരം. വിശ്വാസികളെ സകല ദുഷ്പ്രവൃത്തികളിൽനിന്നും വിടുവിച്ച് പൂർണമായി രക്ഷിക്കുവാൻ കർത്താവ് വിശ്വസ്തനാകുന്നു എന്നുള്ള ഉറപ്പ് പൗലൊസിനുണ്ടായിരുന്നു. ആ അറിവ് കാരാഗൃഹത്തിലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ പൗലൊസിന് ശക്തി നൽകി. നമുക്കും കർത്താവിൽ ശരണപ്പെടാം.

പൗലൊസ് കൂട്ടുസഹോദരന്മാർക്ക് വന്ദനം അർപ്പിച്ചുകൊണ്ട് ലേഖനം അവസാനിപ്പിക്കുന്നു. പ്രിസ്ക്കില്ലയ്ക്കും അക്വിലാസിനും പൗലൊസിനോട് അടുത്ത ബന്ധമുണ്ടായിരുന്നു. അവർ സഹപ്രവർത്തകരായിരുന്നു (പ്രവൃ. 18:1,2; റോമർ 16:3). ഒനേസിഫൊരൊസ് പൗലൊസിന്റെ മനസ്സ് തണുപ്പിച്ചവനാണ് (1:16). എരസ്തൊസ് കൊരിന്തിലുള്ള ഒരു സഹപ്രവർത്തകനായിരുന്നു. ത്രൊഫിമൊസ് എഫെസൊസുകാരനും മിലേത്തിൽ രോഗിയായി വിട്ടേച്ചുപോയ സഹോദരനുമാണ്. പൗലൊസിന് അവനെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ സഹോദരന്മാരുടെ ആത്മിക ക്ഷേമം കാരാഗൃഹത്തിലും ചിന്തിക്കയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്ന ക്രിസ്തുഭക്തനായിരുന്നു പൗലൊസ്. കർത്താവിന്റെ കൃപ ആശംസിച്ചുകൊണ്ട് ലേഖനം ഉപസംഹരിക്കുന്നു. പൗലൊസിന്റെ മാതൃക അനുകരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

***